**E 4170** (Pages : 3) Reg. No.................................

Name.....................................

# B.A. DEGREE (C.B.C.S.S.) EXAMINATION, NOVEMBER 2016

**First Semester**

B.A. Malayalam (Model I and Model II)

Core Course—**കവിതാസംക്രമം**

(2013 Admission onwards)

Time : Three Hours Maximum : 80 Marks

## പാർട്ട് എ

ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. മിണ്ടാപ്രാണി ആരുടെ കവിതയാണ് ?
2. വെള്ളം വീഞ്ഞായി മാറ്റുന്നു
   കാരുണ്യത്തിൻെറ കയ്യുകൾ
   —ഏത് കവിതയിലെ വരികൾ ?
3. ജി. ശങ്കരക്കുറുപ്പിന് ജ്ഞാനപീഠ പുരസ്കാരം ലഭിച്ച കൃതി.
4. കളിത്തോഴി ആരുടെ നോവലാണ് ?
5. വൈലോപ്പിള്ളിയുടെ ആത്മകഥയുടെ പേര് എഴുതുക.
6. പി.ആർ.ഡി.എസ്. സ്ഥാപിച്ചതാരാണ് ?
7. ഡി. വിനയചന്ദ്രൻ എഴുതിയ നോവൽ.
8. അമാവാസി ആരുടെ കവിതയാണ് ?
9. ഇടശ്ശേരി എഴുതിയ നാടകം ഏത് ?
10. കവിതയും ജനതയും ആരുടെ കൃതിയാണ് ?

(10 × 1 = 10)

## പാർട്ട് ബി

എട്ടു ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ ഉത്തരമെഴുതുക.

11. അമാവാസി—ഒരു കുറിപ്പെഴുതുക.
12. തിന്നവർ തിമിർക്കവേ ഏതും വിലക്കാതെ
    നിന്നു നീ സർവസംഹയായ്
    —വിശദമാക്കുക.

Turn over

13. കുളിരോളരുമോളത്തിൽ മുങ്ങി മുങ്ങി

കുളിയും ജപവും കഴിച്ചതല്ലേ

—കാരണമെന്ത് ?

14. പാണൻെറ കുലമറ്റാൽ

പാട്ടു പിന്നെയാരു പാടാൻ

—ആശങ്കയുടെ കാരണമെന്ത് ?

15. നിൻെറ കയ്യാൽ തൊടുമ്പോഴാ

കണ്ണീരമൃതമാകുമോ

കൈക്കുമ്പിളിൽ പകർന്നുപ്പു

നീരും മാധുര്യമാക്കുമോ

—ആശയമെന്ത് ?

16. കാർട്ടൂൺ കവിതകളുടെ സവിശേഷതകൾ വിവരിക്കുക.

17. ദില്ലിയിലെ മഞ്ഞുകാലം എന്ന കവിതയെക്കുറിച്ച് കുറിപ്പെഴുതുക.

18. ബംഗാൾ എന്ന കവിത മുന്നോട്ട് വയ്ക്കുന്ന രാഷ്ട്രീയ പ്രാധാന്യമെന്ത് ?

19. ആധുനിക കവിതയുടെ ഭാഷാപരമായ പ്രത്യേകതയെന്ത് ?

20. എങ്ങനെ രഞ്ജിക്കാനാ

ണെന്നുടെ സങ്കല്പവും

നിന്നുടെ യാഥാർത്ഥ്യവും

—അർത്ഥമെഴുതുക.

21. അർദ്ധനാരീശ്വരൻ എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

22. ആറ്റൂർ രവിവർമ്മയുടെ കൃതികളെ പരിചയപ്പെടുത്തുക.

$(8 \times 2 = 16)$

## പാർട്ട് സി

ഒരു പുറത്തിൽ കവിയാതെ ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

23. ഉത്തരാധുനിക കവിതയുടെ രൂപവും ഭാവവും പ്രകടമാക്കിയ കവിതയാണ് ആര്യാവർത്തനത്തിൽ ഒരു യക്ഷൻ—അഭിപ്രായമെഴുതുക.

24. പാടുന്ന പിശാച്—ഒരാസ്വാദനം തയ്യാറാക്കുക.

25. നാവെല്ലാമരിഞ്ഞ നാളിൽ

നാവിലൊന്നു മുളപൊട്ടി

നാളുതോറും നീണ്ടുവന്നു

—ആശയം വിശദമാക്കുക.

26. പരിസ്ഥിതി വിനാശത്തിന്റെ സമ്പൂർണ്ണ ചിത്രീകരണമാണ് ഭൂമിയ്ക്കൊരു ചരമഗീതം—അഭിപ്രായമെന്ത് ?

27. കവിതയിലെ ചൊൽക്കാഴ്ചകളുടെ കാലത്തെ വിലയിരുത്തുക.

28. പൊയ്കയിൽ കുമാരഗുരുദേവൻ—കുറിപ്പെഴുതുക.

29. കൊച്ചുതൊമ്മൻ എന്ന കവിതയിൽ പ്രകടമാകുന്ന സാമൂഹിക വിമർശനം വിശദമാക്കുക.

30. കറുത്ത നട്ടുച്ചയിൽ കവി അവതരിപ്പിക്കുന്ന കാവ്യബിംബങ്ങളെ പരിചയപ്പെടുത്തുക.

31. കടുക്ക എന്ന കവിതയിലെ ഹാസ്യസങ്കല്പം പഠനവിധേയമാക്കുക.

(6 × 4 = 24)

## പാർട്ട് ഡി

നാലു പുറത്തിൽ രണ്ട് ചോദ്യത്തിന് ഉത്തരമെഴുതുക.

32. ചങ്ങമ്പുഴ, വൈലോപ്പിള്ളി എന്നിവരുടെ കവിതയിലെ പ്രമേയം, ഭാഷ എന്നിവ വ്യക്തമാക്കുക.

**അല്ലെങ്കിൽ**

33. ശിവതാണ്ഡവം—ഒരാസ്വാദനം തയ്യാറാക്കുക.

34. മലയാള കവിതയുടെ കരുത്തും ചൈതന്യവും പ്രകടമാക്കിയ കവിതയാണ് ശാന്ത—വിലയിരുത്തുക.

**അല്ലെങ്കിൽ**

35. ആധുനികാനന്തര കവിതകളുടെ പൊതു പ്രവണതകൾ ആൻവർ അലി, കെ.ആർ. ടോണി, എം.ആർ. രേണുകുമാർ എന്നിവരുടെ രചനകളിലൂടെ വ്യക്തമാക്കുക.

(2 × 15 = 30)